DESPATCHED
On. 29/9/22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി.1113 (3)/2021/എസ്.ഐ.സി

(ഫയൽ നം. 9218/എസ്.ഐ.സി - ജി1/2021)

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 22/09/2022

ശ്രീ. പി.സി. സ്കറിയ,
പുതുമന ഹൗസ്,
അമയന്നൂർ പി.ഒ
കോട്ടയം - 686 019. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   മണർകാട് വില്ലേജ് ഓഫീസ്,
   കോട്ടയം - 686 019.

2. അപ്പീൽ അധികാരി & തഹസിൽദാർ
   താലൂക്ക് ഓഫീസ്,
   കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 27.01.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 08.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ സമർപ്പിച്ച തീയതി | 24.03.2021 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 11.08.2021 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | 13.08.2021 |

# <u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ മണർകാട് വില്ലേജ് ഓഫീസിൽ പോക്കുവരവു നടത്തുന്നതിനായി പെട്ടിയിൽ നിക്ഷേപിച്ച അപേക്ഷ നഷ്ടപ്പെട്ടു എന്ന് ഓഫീസിൽ നിന്നു പറഞ്ഞതും അതു സംബന്ധിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്നതിനെ തുടർന്ന് കോട്ടയം തഹസിൽദാർക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചതിൽ മറുപടി നൽകാൻ നിർദ്ദേശിച്ച് ഉത്തരവായിട്ടും വില്ലേജ് ഓഫീസിൽ നിന്ന് മറുപടി ലഭിച്ചില്ലായെന്നുമാണ് അപേക്ഷകനായ പി.സി. സ്കറിയ കമ്മീഷനെ ബോധിപ്പിച്ചത്. എന്നാൽ നഷ്ടപ്പെട്ടു എന്നു പറയുന്ന രേഖകൾ താലൂക്ക് ഓഫീസിലേക്ക് അയച്ചിട്ടുണ്ട് എന്ന് ഒന്നാം അപ്പീലിന്റെ ഹിയറിംഗ് സമയത്ത് എസ്.പി.ഐ.ഒ ആയ വില്ലേജ് ഓഫീസർ അപ്പീൽ അധികാരിയായ തഹസിൽദാറെ അറിയിച്ചതായി കാണുന്നു. ഒപ്പം വിവരാവകാശ അപേക്ഷകനോട് മാന്യതയില്ലാതെ പെരുമാറിയതായും പരാതിയിൽ കാണുന്നു. ഇതു സംബന്ധിച്ച് കോട്ടയം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സെപ്റ്റംബർ 17 ന് ഈ കമ്മീഷൻ നടത്തിയ ഹിയറിംഗിൽ ഈ അപേക്ഷ പരിഗണിച്ചു. പരാതിക്കാരനായ ശ്രീ പി.സി. സ്കറിയ ഹാജരായില്ല. വില്ലേജ് ഓഫീസറും എസ്.പി.ഐ.ഒ യുമായ ശ്രീ. ശ്രീജിത്ത് ഹാജരായി. ഇദ്ദേഹം അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ നൽകിയിട്ടുണ്ട് എന്ന് പ്രസ്താവിക്കുന്നു. അന്നത്തെ എസ്.പി.ഐ.ഒ ആയ ഷീലമ്മ.കെ.ജി ഈ കമ്മീഷനെ സംബോധന ചെയ്ത് ഓഫീസിൽ സമർപ്പിച്ച രേഖയുടെ പകർപ്പും ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശങ്ങളെ തുടർന്ന് നൽകിയിട്ടുള്ള മറുപടികളുടെ പകർപ്പും കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയുണ്ടായി. അവ പരിശോധിച്ചതിൽ ശ്രീ പി.സി.സ്കറിയ ആവശ്യപ്പെട്ട രേഖകൾ മണർകാട് വില്ലേജ് ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട് എന്നു കാണുന്നു.

അപേക്ഷകന് ഈ കാര്യത്തിൽ ആക്ഷേപമൊന്നും ഇല്ലാത്തതിനാലാണ് അദ്ദേഹം പങ്കെടുക്കുകയോ പ്രതിനിധികളെ ചുമതലപ്പെടുത്തി അയക്കുകയോ ചെയ്യാതിരുന്നത് എന്ന് വില്ലേജ് ഓഫീസർ അറിയിച്ച കാര്യവും കമ്മീഷൻ മുഖവിലയ്ക്കെടുക്കുന്നു.

ഈ സാഹചര്യത്തിൽ ഈ അപേക്ഷയിൽ 17/09/2022 ന് കമ്മീഷനിൽ സമർപ്പിച്ച രേഖകളുടെ അറ്റസ്റ്റ് ചെയ്ത പകർപ്പ് അപേക്ഷകന് കൂടി അയച്ചു കൊടുക്കാൻ നിർദ്ദേശിച്ച് ഈ അപ്പീൽ പരാതിയിലെ തുടർ നടപടികൾ തീർപ്പാക്കി കൊണ്ടുള്ള

ഉത്തരവ് ഇന്നേ ദിവസം (2022, സെപ്റ്റംബർ മാസം 22- ാം തീയതി) കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി